# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 535** — **04-7-2013-ൽ മറുപടിക്ക്**

## പൈപ്പുകളുടെ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി.<br>ശ്രീ. പി.കെ. ഗുരുദാസൻ.<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ.<br>ശ്രീ. ബി. സത്യൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന പൈപ്പുകളുടെ നിലവാരം ഏത് ഏജൻസിയാണ് പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കുന്നത്; | (എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് വേണ്ടി വരുന്ന പുതിയ പൈപ്പുകളുടേയും മറ്റു സാധനസാമഗ്രികളുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് ഈ വർഷം താഴെ പറയുന്ന കമ്പനികളെയാണ് വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>1) സൂപ്പറിന്റന്റൻസ് കൽക്കട്ട-പിവിസി, സി.ഐ, ഡി.ഐ.എം.എസ്, എച്ച്.ഡി.പി.ഇ. പൈപ്പുകൾ.<br>2) ഡോ. ആമീൻ കൺട്രോളേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ - എ.സി.,എസ്., ഡബ്ല്യൂ., ജി.ഐ., ആർ.സി.സി. പൈപ്പുകൾ. |
| (ബി) പൈപ്പ് മാഫിയയുടെ സമ്മർദ്ദത്തെ തുടർന്നാണ് വിരമിച്ച ഉദ്യോഗസ്ഥരെ വാട്ടർ അതോറിറ്റി ആസ്ഥാനത്ത് പ്രധാന പോസ്റ്റുകളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളതെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (ബി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) തിരുവനന്തപുരം നഗരത്തിലും അതേപോലെ മറ്റു പല സ്ഥലങ്ങളിലും അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടലിനെക്കുറിച്ച് മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ സർക്കാർ നൽകിയ വിശദീകരണം അറിയിക്കാമോ;

(സി) ഉണ്ട്., ഇത് സംബന്ധിച്ചുള്ള വിശദീകരണം മനുഷ്യാവകാശ കമ്മീഷന് ഉടൻ നൽകുന്നതാണ്.

(ഡി) പുതുതായി സ്ഥാപിക്കുന്ന അരുവിക്കര-തിരുവനന്തപുരം പൈപ്പ് ലൈനിന് ഉപയോഗിക്കുന്ന പൈപ്പുകൾക്ക് ഗുണനിലവാരമില്ലെന്ന പരാതിയെ തുടർന്ന് വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിജിലൻസിന്റെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(ഡി) വിജലൻസ് അന്വേഷണം നടത്തുകയുണ്ടായി. ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ